"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ്- ശ്രീ. എസ് ഫസിലുദ്ദീൻ മുതൽ പേർ ബഹു. കേരള അഡ്മിനിസ്റ്റ്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1811/2018 നമ്പർ കേസിന്റെ 26.07.2023 ലെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.381/2023/F&WLD തീയതി,തിരുവനന്തപുരം, 12-10-2023.

---

പരാമർശം:-
1. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 27.01.2023 ലെ ഇ7-28893/2018 നമ്പർ കത്ത്.
2. ബഹു. കേരള അഡ്മിനിസ്റ്റ്രേറ്റീവ് ട്രിബ്യൂണലിന്റെ OA 1811/2018 നമ്പർ കേസിൻമേലുള്ള 26.07.2023 ലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

ഫോറസ്റ്റ് ഗാർഡ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ. എസ് ഫസിലുദ്ദീൻ, ശ്രീ. എ. എസ്. അശോക് എന്നിവർക്ക് ഫോറസ്റ്റ് ഗാർഡ് ട്രെയിനിംഗിൽ ഫസ്റ്റ് റാങ്ക് ലഭിച്ചതിനെ ഫോറസ്റ്റർ തസ്തികയിൽ പ്രൊമോഷൻ നൽകുകയും, ടി തസ്തികയിൽ 8 വർഷം പൂർത്തിയായതിനെ തുടർന്ന് സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ ഫോറസ്റ്റർ തസ്തികയിലെ നിയമനം നേരിട്ടുള്ള നിയമനം അല്ലാത്തതിനാൽ, ഫോറസ്റ്റർ തസ്തികയിൽ 8 വർഷം പൂർത്തിയായതിനെ തുടർന്ന് അനുവദിച്ച സമയബന്ധിത ഹയർ ഗ്രേഡ് റദ്ദ് ചെയ്യുകയുണ്ടായി.

2. ഫോറസ്റ്റർ തസ്തികയിൽ 8 വർഷത്തെ സേവനം പൂർത്തിയാക്കിയതിനു അനുവദിച്ച ഒന്നാമത് സമയബന്ധിത ഹയർഗ്രേഡ് റദ്ദാക്കുന്നതിലൂടെ നിലവിൽ തങ്ങളേക്കാൾ ജൂനിയറായ ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർ വാങ്ങുന്നതിനേക്കാൾ കുറഞ്ഞ ശമ്പളമാണ് ലഭിക്കുന്നത് എന്ന് ചൂണ്ടിക്കാട്ടി ശ്രീ. എസ് ഫസിലുദ്ദീനും ശ്രീ. എ. എസ് അശോകും OA 1811/2018 നമ്പർ കേസ് ഫയൽ ചെയ്യുകയുണ്ടായി. അപേക്ഷകർ സമർപ്പിച്ച Annexure A9, Annexure A10 എന്നിവയിൽ, അപേക്ഷകരെ നേരിൽ കേട്ട ശേഷം ഉത്തരവ് കിട്ടി 3 മാസത്തിനകം ഒന്നാം എതിർ കക്ഷിയായ സർക്കാർ തീരുമാനമെടുക്കുന്നതിന് പരാമർശം (2) പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവാകുകയുണ്ടായി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ മേൽ ഉത്തരവിൽ ശമ്പളപരിഷ്കരണ ഉത്തരവിൽ പറഞ്ഞിരിക്കുന്ന പ്രത്യേക മാനദണ്ഡങ്ങൾ കണക്കിലെടുത്ത് സമയബന്ധിതമായ ഉയർന്ന ഗ്രേഡ് റദ്ദാക്കുന്നത് സംബന്ധിച്ച സർക്കാരിന്റെ നിലപാട് സാങ്കേതികമായി ശരിയാണ് എന്നും, എന്നാൽ കെ.എസ്.&എസ്.എസ്.ആർ. ഭാഗം 11 ചട്ടം 39, KSR ന്റെ 7-ാം ചട്ടം എന്നിവയിലെ സർക്കാരിന്റെ അസാധാരണ അധികാരങ്ങൾ പ്രയോഗിക്കാൻ പര്യാപ്തമായ കേസ് ആണ് എന്ന് നിരീക്ഷിക്കുകയുണ്ടായി.

3. ബഹു. ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 12.09.2023 ന് അപേക്ഷകരെ

നേരിൽ കേൾക്കുകയുണ്ടായി. ഫോറസ്റ്റർ തസ്തികയിൽ പ്രവേശിച്ച തീയതി മുതൽ 8 വർഷം പൂർത്തിയാക്കുന്ന തീയതി പ്രാബല്യത്തിലുള്ള ഒന്നാം സമയബന്ധിത ഹയർ ഗ്രേഡും, തുടർന്നുള്ള ഗ്രേഡുകളും നിഷേധിക്കുന്നത് നീതിരഹിതമാണെന്നും, മുൻപ് ഉണ്ടായിരുന്ന റൂൾ പ്രകാരമാണ് ട്രെയിനിങ് മികവ് പരിഗണിച്ച് പ്രൊമോഷൻ നൽകി വരുന്നത് എന്നും നിലവിൽ ഇപ്രകാരം പ്രൊമോഷൻ നൽകുന്നില്ല എന്നും പ്രൊമോഷൻ നേടിയവർ എല്ലാം തന്നെ സർവീസിൽ നിന്നും വിരമിക്കുകയോ മറ്റു വിധത്തിൽ സേവനത്തിൽ നിന്നും വിട്ടു പോവുകയോ ചെയ്തിട്ടുണ്ട് എന്നും, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം അപേക്ഷ ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് ഫോറസ്റ്റർ തസ്തികയിൽ പ്രവേശിച്ച് തീയതി മുതൽ 8 വർഷം പൂർത്തിയാക്കിയ തീയതി പ്രാബല്യത്തിൽ ഒന്നാം സമയബന്ധിത ഹയർ ഗ്രേഡും ആയത് പ്രകാരം തുടർന്നുള്ള ഹയർ ഗ്രേഡുകളും ലഭിക്കുന്ന തരത്തിൽ സർക്കാർ ഉത്തരവ് ഉണ്ടാകണമെന്നും അല്ലാത്ത പക്ഷം ജൂനിയറായ ജീവനക്കാർക്ക് ലഭിക്കുന്ന ശമ്പളത്തേക്കാൾ കുറഞ്ഞ ശമ്പളം ലഭിക്കാൻ ഇടയാക്കുമെന്നും അപേക്ഷകർ ആവശ്യപ്പെടുകയുണ്ടായി.

4. ഒന്നാം സമയബന്ധിത ഹയർഗ്രേഡ് റദ്ദാക്കുന്നതിലൂടെ ശ്രീ. ഫസിലുദ്ദീന് ടിയാന്റെ ജൂനിയറിനേക്കാൾ അടിസ്ഥാന ശമ്പളത്തിൽ 400/- രൂപയുടെ നഷ്ടം വരുന്നുണ്ട് എന്നും, കൂടാതെ ഹർജിക്കാരായ രണ്ട് ജീവനക്കാർക്കും ഫോറസ്റ്റർ തസ്തികയിൽ പ്രവേശിച്ചതിനു ശേഷം വനം വകുപ്പിലെ ആകെ സേവനകാലം 15 വർഷം പൂർത്തീകരിക്കുന്നതിനു മുമ്പ് തന്നെ ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി പ്രൊമോഷൻ ലഭിച്ചിട്ടുള്ളതിനാൽ 15 വർഷ സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കാൻ നിയമപരമായി കഴിയില്ലെന്നും പരാമർശം (1) പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. അപേക്ഷകർ ഫോറസ്റ്റ് ഗാർഡായി നിയമനം ലഭിക്കുകയും തുടർന്ന് ഫോറസ്റ്റർ (സെക്ഷൻ ഫോറസ്റ്റ് ഓഫീസർ) തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കുകയും ചെയ്തിട്ടുള്ളവരാണ്. ടിയാന്റെ ജൂനിയറായി പരാമർശിച്ചിട്ടുള്ള ശ്രീ.സലിൻ ജോസ് വനംവകുപ്പിൽ നേരിട്ട് ഫോറസ്റ്ററായി (സെക്ഷൻ ഫോറസ്റ്റ് ഓഫീസർ) പ്രവേശിച്ചയാളാണ്. 2010 ലെ കേരള സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂൾസ് അനുസരിച്ച്, ഫോറസ്റ്റ് ഗാർഡിന്റെ (ബീറ്റ് ഫോറസ്റ്റ് ഓഫീസർ) ആദ്യത്തെ സ്ഥിരം പ്രൊമോഷൻ തസ്തികയാണ് ഫോറസ്റ്റർ (സെക്ഷൻ ഫോറസ്റ്റ് ഓഫീസർ). അതിനാൽ ഒഎ നമ്പർ.1811/2018 ലെ അപേക്ഷകർ ജൂനിയർ എന്ന് പറയപ്പെടുന്ന ജീവനക്കാരനെ അപേക്ഷിച്ച് താഴ്ന്ന തസ്തികയിലാണ് നിയമനം ലഭിച്ചിട്ടുള്ളത്. സീനിയർ ജീവനക്കാരന്റെ വേതനം ജൂനിയറിന് തുല്യമായി വർദ്ധിപ്പിക്കുന്നതിന്, സീനിയർ, ജൂനിയർ ജീവനക്കാരെ ഒരേ തസ്തികയിൽ നിയമിക്കുകയും ഒരേ പ്രൊമോഷൻ ചാനലിൽ സ്ഥാനക്കയറ്റം നൽകുകയും വേണം. അതിനാൽ ഈ വിഷയം ജൂനിയർ-സീനിയർ അനോമലിയുടെ പരിധിയിൽ താരതമ്യം ചെയ്യാൻ കഴിയില്ല. ആയതിനാൽ ഈ വിഷയത്തിൽ കെ.എസ്. & എസ്.എസ്.ആർ. ഭാഗം ii ചട്ടം 39, KSR ന്റെ 7-ാം ചട്ടം എന്നിവയിലെ സർക്കാരിന്റെ അസാധാരണ അധികാരങ്ങൾ പ്രയോഗിക്കുന്നത് അഭികാമ്യമല്ല എന്ന് കാണുന്നു.

6. മേൽ സാഹചര്യത്തിൽ, ഫോറസ്റ്റർ തസ്തികയിൽ പ്രവേശിച്ച തീയതി മുതൽ 8 വർഷം പൂർത്തിയാക്കിയ തീയതി പ്രാബല്യത്തിൽ ഒന്നാം സമയബന്ധിത ഹയർ ഗ്രേഡും ആയത് പ്രകാരം തുടർന്നുള്ള ഹയർ ഗ്രേഡുകളും അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എസ് ഫസിലുദ്ദീൻ, ശ്രീ. അശോക്.എ.എസ് എന്നിവർ സമർപ്പിച്ചിട്ടുള്ള Annexure A9, Annexure A10 അപ്പീൽ അപേക്ഷകൾ നിരസിച്ചു കൊണ്ടും, അപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ്

ട്രിബ്യൂണലിന്റെ പരാമർശം (2) പ്രകാരമുള്ള ഉത്തരവ് നടപ്പിലാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ശ്രീ. ഫസിലുദ്ദീൻ, തേമ്പാമ്മൂട് വീട്, പേഴുംമൂട്, വളവ്പച്ച പിഒ, ചിതറ,കൊല്ലം- 691559.
ശ്രീ. എ.എസ്. അശോക്, ചാരിമവിളയിൽ, തെങ്ങമം പിഒ, ശൂരനാട് വഴി, പത്തനംതിട്ട- 690522.
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Noushad S
Date: 12-10-2023 10:32:32